LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റേറ്റ് ടാൻസ്പോർട്ട് പ്രോജക്ട്

249(1318) ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. കെ. മുരളീധരൻ
ശ്രീ. ആർ . സെൽവരാജ്
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ 2403 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന കെ.എസ്.ടി.പി. 2 പദ്ധതി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്.

(ബി) 363 കി.മീ. ദൈർഘ്യമുള്ള സംസ്ഥാനത്തെ തെരഞ്ഞെടുത്ത 6 റോഡുകളുടെ വികസനമാണ് ഇതിൽ ഉൾപ്പെടുന്നത്. നിലവിലുള്ള റോഡിന്റെ വീതി കൂട്ടി ബലപ്പെടുത്തിയും വളവുകൾ കുറച്ചും പാലങ്ങൾ, കലുങ്കുകൾ, ബസ്ബേ, പാർക്കിംഗ് ഏരിയ എന്നിവ നിർമ്മിച്ചും റോഡ് സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ നവീകരണവും ഇതിൽ ഉൾപ്പെടുന്നു.

(സി) ഈ പദ്ധതിയിൽ നടപ്പിലാക്കി വരുന്ന വിവിധ പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

റോഡ് റീ-ടാറിംഗ്

250(1319) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിന്റെ കീഴിലുള്ളതും, കഴിഞ്ഞ 15 വർഷത്തിലധികമായി റീ-ടാറിംഗ് നടത്താത്തതുമായ എത്ര റോഡുകൾ കണ്ണൂർ ജില്ലയിലുണ്ടെന്നും അവ എതെല്ലാമെന്നും വിശദമാക്കാമോ;

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട 'വെള്ളോറ കക്കറ കടുക്കാരംമുക്ക് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്